# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3921 19.03.2018 -ലെ മറുപടിയ്ക്ക്

## പി.എച്ച്.ഡി ഗവേഷണ മേഖലയിലെ നിയമ വിരുദ്ധ പ്രവൃത്തികൾ

*ചോദ്യം*

ശ്രീ.പി.കെ. ശശി:

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച പി.എച്ച്.ഡി ഗവേഷണ പ്രബന്ധങ്ങളിൽ, യു.ജി.സി അംഗീകാരമുള്ള ' 'ഉർഖുണ്ട് ' സോഫ്റ്റ് വെയർ വഴിയും മറ്റും നടത്തിയ അന്വേഷണങ്ങളിലൂടെ കണ്ടെത്തിയ കോപ്പിയടി ഉൾപ്പെടെയുള്ള നിയമ വിരുദ്ധ പ്രവൃത്തികൾ എന്തെല്ലാം; പ്രസ്തുത വിവരങ്ങൾ യൂണിവേഴ്സിറ്റി തിരിച്ചും വിഷയങ്ങൾ തിരിച്ചും ലഭ്യമാക്കുമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാലയിൽ ഒന്നും എം.ജി.സർവ്വകലാശാലയിൽ നിന്ന് ഗവേഷണ ബിരുദം കരസ്ഥമാക്കിയ രണ്ടും വ്യക്തികളുടെ പി.എച്ച്.ഡി. പ്രബന്ധങ്ങൾ വ്യാജമാണെന്ന പരാതികൾ സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. മറ്റ് സർവ്വകലാശാലകളിൽ **പി.എച്ച്.ഡി. ഗവേഷണ പ്രബന്ധങ്ങളുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവൃത്തികൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല** |
| (ബി) | ഗവേഷണ പ്രബന്ധങ്ങൾ അംഗീകരിക്കുവാനായി യു.ജി.സി - യും സർവ്വകലാശാലകളും സ്വീകരിച്ചുവരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) | ഗവേഷണ പ്രബന്ധങ്ങൾ അംഗീകരിക്കുവാനായി യു.ജി.സി. റഗുലേഷൻസിലെ മാർഗനിർദ്ദേശങ്ങളാണ് സ്വീകരിച്ചുവരുന്നത്. |
| (സി) | ഗവേഷണ പ്രബന്ധങ്ങൾ ശോധ് ഗംഗ എന്ന ദേശീയ ശേഖരണ സംവിധാനത്തിലേയ്ക്ക് അയക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകൾ പാലിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ; | (സി) | മഹാത്മാഗാന്ധി, കുസാറ്റ്, കാലിക്കറ്റ്, കണ്ണൂർ, കേരള, ശ്രീ ശങ്കരാചാര്യ, നുവാൽസ്, മലയാളം സർവ്വകലാശാലകൾ യു ജി സി യുമായി 'ശോധ് ഗംഗ' പ്രോജെക്ടിനായി ധാരണ പത്രം ഒപ്പ് വച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രബന്ധമോഷണവും മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടതായി കണ്ടെത്തിയ പ്രബന്ധകർത്താക്കൾക്കെതിരെ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കാലിക്കറ്റ് സർവ്വകലാശാലയിൽ ഒന്നും മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണ ബിരുദം നൽകിയ രണ്ടും വ്യക്തികളുടെ പി.എച്ച്.ഡി. പ്രബന്ധങ്ങൾ വ്യാജമാണെന്ന പരാതികൾ ബന്ധപ്പെട്ട സർവ്വകലാശാല സിൻഡിക്കേറ്റ് സബ് കമ്മിറ്റികളുടെ പരിഗണനയിലാണ്. മറ്റ് സർവ്വകലാശാലകളിൽ പ്രബന്ധ മോഷണവും മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ